LIBRARY ARCHIVES Kerala Legislative Assembly

(ഡി) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠന സൗകര്യത്തിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഓൺലൈൻ/ഡിജിറ്റൽ പഠന സൗകര്യമില്ലാത്ത പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ ഡിവൈസ് വാങ്ങി നൽകുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ഇന്റർനെറ്റ്/ഡി.റ്റി.എച്ച് സംവിധാനങ്ങൾ ലഭ്യമല്ലാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനായി 250 സാമൂഹ്യ പഠനമുറികൾ വകുപ്പ് സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ ഓൺലൈൻ പഠന കേന്ദ്രങ്ങൾ, ഏകാദ്ധ്യാപക വിദ്യാലയങ്ങൾ, നഴ്സറി സ്കൂളുകൾ MGLC (മൾട്ടി ഗ്രേഡ് ലേണിംഗ് സെന്റേഴ്സ്) കൾ എന്നിവ മുഖേനയും ഓൺലൈൻ പഠനത്തിനാവശ്യമായ സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. ഇന്റർനെറ്റ് ഡി.റ്റി.എച്ച് സംവിധാനങ്ങൾ ലഭ്യമല്ലാത്ത കോളനികളിൽ മോഡൽ റസിഡൻഷ്യൽ സ്കൂളിലെ അദ്ധ്യാപകർ, സാമൂഹ്യ പഠനമുറികളിലെയും ഓൺലൈൻ പഠന മുറികളിലേയും ഫെസിലിറ്റേറ്റർമാർ, വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മെന്റർ ടീച്ചർമാർ എന്നിവർ മുഖേന വിക്ടേഴ്സ് ചാനലിൽ ലഭ്യമായ ക്ലാസ്സുകൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കി അവരുടെ പഠനത്തെ സഹായിക്കുന്നുണ്ട്. കൂടാതെ ഇന്റർനെറ്റ് സൗകര്യം കുറവുള്ള/ലഭ്യമല്ലാത്ത 1034 കോളനികളിൽ ടി സൗകര്യം ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

പട്ടികജാതി/വർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യം

49(2085) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ അഡ്മിഷൻ ലഭിച്ചിട്ടുള്ള പട്ടികജാതി/വർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യം നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാമോ ?

(എ&ബി) 2-7-2009-ലെ സ.ഉ. (അച്ചടി) നമ്പർ 50/2009/പജപവവിവ പ്രകാരം സർക്കാർ അംഗീകൃത സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ അലോട്ട്മെന്റുവഴി അഡ്മിഷൻ ലഭിച്ചിട്ടുള്ള, വിദ്യാഭ്യാസാനുകൂല്യങ്ങൾക്ക് അർഹരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫീസാനുകൂല്യം നൽകിവരുന്നു. തടസ്സങ്ങൾ ഒന്നുംതന്നെ ഇല്ല.